വർക്കല മഹിളാസമാജത്തിന് ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി

46 (851) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 42 വർഷക്കാലമായി വർക്കല മഹിളാസമാജത്തിന്റെ കൈവശത്തിലിരിക്കുന്ന വർക്കല വില്ലേജിൽ സർവെ 2613/6/26 -ൽപ്പെട്ട 61 സെന്റ് സ്ഥലം പതിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ഭൂമി അവർക്ക് പതിച്ചു നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പുറംപോക്ക് ഭൂമിയിൽ വീട് വച്ച് താമസിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചുനൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വർക്കല വില്ലേജ് സർവേ നംപർ 2613/6/26-ൽപ്പെട്ട 61 സെന്റ് സ്ഥലത്തുനിന്നും 31 സെന്റ് സ്ഥലം വർക്കല മഹിളാസമാജത്തിന് ദീർഘകാല പാട്ടത്തിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

ഇടക്കൊച്ചിക്കായൽ പുറംപോക്ക്

47 (852) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി താലൂക്കിൽ പട്ടയം ലഭിക്കേണ്ടവരായി ഇനി എത്ര അപേക്ഷകർ ഉണ്ട് ;

(ബി) പുറമ്പോക്ക് കൈവശക്കാരായിട്ടുള്ളവർക്ക് കൈവശരേഖയോ പട്ടയമോ നൽകുന്നതിന് തടസ്സമായി കൊച്ചിതാലൂക്കിൽ എന്തെങ്കിലും കേസുകളുണ്ടോ ;

(സി) ഇടക്കൊച്ചി കായലിൽ കായൽ നികത്തി കൈവശപ്പെടുത്തിയ മത്സ്യകയറ്റുമതി സ്ഥാപനങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(ഇ) കായൽ പുറംപോക്ക് കയ്യേറ്റം തടയാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 664 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) മൂന്നുസ്ഥാപനങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) എൽ. ബി. കേസ് ബുക്ക് ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലപരിശോധനയ്ക്ക് വിചാരണയും നടത്തിയിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) എ ഫാറം, സ്കെച്ച് എന്നിവ തയ്യാറാക്കി വില്ലേജ് ഓഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് എൽ. ബി. കേസ് ബുക്ക് ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

എ. കെ. ജി. കോളനിയിലെ കുടികിടപ്പുകാർക്ക് കൈവശരേഖ

48 (854) ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ തിരുവാലി പഞ്ചായത്തിലെ എ. കെ. ജി. കോളനിയിൽ പതിനഞ്ചു വർഷമായി താമസിച്ചു വരുന്ന കുടികിടപ്പുകാർക്ക് കൈവശരേഖ ഇപ്പോഴും ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളനി നിവാസികൾക്ക് കൈവശ രേഖ ലഭിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് എന്നത്തേയ്ക്ക് കൈവശരേഖ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എ. കെ. ജി. കോളനി നിവാസികളിൽ 54 പേർ ലാന്റ് ട്രിബ്യൂണലിൽ നിന്ന് അനധികൃത പട്ടയം സമ്പാദിച്ചതിനെതിരെ, തൃശൂർ അപ്പലേറ്റ് അതോറിറ്റിയിൽ സമർപ്പിച്ച അപ്പീലിൽ 42 കേസുകളിൽ പട്ടയം റദ്ദു ചെയ്തിട്ടുണ്ട്. ബാക്കി കേസുകളിൽ തീർപ്പ് കൽപ്പിച്ചാലുടൻ തന്നെ എ. കെ. ജി കോളനി നിവാസികൾക്ക് കേരള ഭൂപരിഷ്കരണ നിയമപ്രകാരം കൈവശഭൂമി പതിച്ച് പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി തങ്കമ്മയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

49 (857) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഇളവട്ടം ഊട്ടിമൂട് വീട്ടിൽ ശ്രീമതി തങ്കമ്മ അവർ കൈവശം വച്ചനുഭവിക്കുന്ന ഭൂമിക്ക് പട്ടയം കിട്ടണമെന്നാവശ്യപ്പെട്ട് 16-9-1999-ൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly